നമ്പർ: 287/2018

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി) വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**

**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും, സഹപട്ടക്കാരും, ദേശത്തുപട്ടക്കാരും, പള്ളികൈസ്ഥാനികളും, ശേഷം വിശ്വാസികളും കൂടിക്കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്!

പ്രിയരെ,

പ. സഭയുടെ ഒരു പൊതു തീർത്ഥാടന കേന്ദ്രമായ വാകത്താനം വള്ളിക്കാട്ട് ദയറായിൽ കബറടങ്ങിയിരിക്കുന്ന മലങ്കരയുടെ രണ്ടാം കാതോലിക്കാ പരിശുദ്ധ ബസ്സേലിയോസ് ഗീവർഗീസ് പ്രഥമൻ ബാവാ തിരുമനസ്സിലെ 90-ാം ഓർമ്മപ്പെരുന്നാൾ ഡിസംബർ മാസം 16, 17 (ഞായർ, തിങ്കൾ) തീയതികളിൽ ആണല്ലോ. ഉത്തമ താപസ ജീവിതം നയിച്ച്, പരിപൂർണ്ണ ദൈവാശ്രയത്തോടുകൂടെ പ്രവർത്തിച്ച പരിശുദ്ധ പിതാവ്, ജീവിതകാലം മുഴുവൻ പരിശുദ്ധ സഭയുടെയും സമൂഹത്തിന്റെയും ഉന്നമനത്തിനുവേണ്ടി പ്രവർത്തിച്ചു. ആശ്രമങ്ങളും, ദേവാലയങ്ങളും എന്നപോലെ വിദ്യാഭ്യാസകേന്ദ്രങ്ങളും സ്ഥാപിക്കപ്പെടണം എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുകയും അതിനായി കഠിനാധ്വാനം നടത്തുകയും ചെയ്തു. വിശുദ്ധിയുടെയും ലാളിത്യത്തിന്റെയും പ്രതീകമായി നിലകൊള്ളുന്ന ആ പുണ്യപിതാവിന്റെ മദ്ധ്യസ്ഥത അനേകർക്ക് ധാരാളമായ അനുഗ്രഹങ്ങൾക്ക് മുഖാന്തിരമാണ്. വിശേഷാൽ ഈ വർഷം, വള്ളിക്കാട് ദയറാ സ്ഥാപിച്ചതിന്റെ ശതോത്തര സുവർണ്ണ ജൂബിലി വർഷവും പരിശുദ്ധ ഗീവർഗീസ് പ്രഥമൻ ബാവാ തിരുമേനിയുടെ ചരമ നവതി വർഷവും കൂടിയാകയാൽ പരിശുദ്ധ സഭാ മക്കൾ എല്ലാവരും ആ പരിശുദ്ധ പിതാവിന്റെ കബറിടവും വാകത്താനം വള്ളിക്കാട്ട് ദയറായും സന്ദർശിച്ച് അനുഗ്രഹം പ്രാപിച്ച് പെരുന്നാൾ പൂർവ്വാധികം ഭംഗിയായി ആചരിക്കണമെന്ന് നാം ആഗ്രഹിക്കുന്നു. ഓർമ്മപ്പെരുന്നാളിൽ ആ പള്ളിയിൽ നിന്നും വൈദികരും ജനങ്ങളും പങ്കെടുക്കത്തക്കവിധം തീർത്ഥയാത്രാസംഘങ്ങൾ ക്രമീകരിക്കണം. പെരുന്നാൾ ശുശ്രൂഷകൾക്ക് നാമും, നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും കാർമികത്വം വഹിക്കുന്നതാണ്.

പെരുന്നാൾ സംബന്ധമായ എല്ലാ ശുശ്രൂഷകളിലും നിങ്ങളേവരും നേർച്ചകാഴ്ചകളുമായി വന്ന് സംബന്ധിച്ച് അനുഗ്രഹം പ്രാപിക്കണമെന്ന് നാം ഓർമ്മിപ്പിക്കുന്നു. കൂടാതെ ആ പള്ളിയിൽ വിശുദ്ധ കുർബ്ബാനയിൽ പ. പിതാവിനെ ഓർക്കുകയും പ്രത്യേക ധൂപപ്രാർത്ഥന നടത്തുകയും ചെയ്യണം. പരിശുദ്ധ പിതാവിന്റെ പ്രാർത്ഥന നമുക്ക് കാവലും കോട്ടയുമായിരിക്കട്ടെ.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടേയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടേയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടേയും ശുദ്ധിമതികളുടേയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ.........................

2018 നവംബർ മാസം 22-ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽ നിന്നും

**ബസ്സേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ**